പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2944 07.11.2019-ൽ മറുപടിയ്ക്ക്

## റോഡ് നിർമ്മാണത്തിന് ഉപയോഗിക്കുന്ന സാങ്കേതിക വിദ്യകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി. അബ്ദുറഹിമാൻ | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) പി.ഡബ്ല്യു.ഡി റോഡ്സ് (എഞ്ചിനീയറിംഗ്) വിഭാഗം നിലവിൽ റോഡ് നിർമ്മാണത്തിന് ഉപയോഗിക്കുന്ന സാങ്കേതിക വിദ്യകൾ എന്തെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ; | (എ) MORTH, IRC മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള സാങ്കേതിക വിദ്യകളാണ് റോഡ് നിർമ്മാണത്തിന് ഉപയോഗിക്കുന്നത്. റോഡുകളുടെ ഗുണനിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി റോഡുകൾ ഘട്ടംഘട്ടമായി ബി.എം. & ബി.സി. നിലവാരത്തിലേക്ക് ഉയർത്തി വരുന്നു. കൂടാതെ ബി.സി. ഉപരിതലത്തിന്റെ നിർമ്മാണത്തിന് പ്രവൃത്തിയുടെ 50% ആധുനിക സാങ്കേതിക വിദ്യകളായ ഷ്രെഡഡ് പ്ലാസ്റ്റിക്, നാച്വറൽ റബ്ബർ മോഡിഫൈഡ് ബിറ്റുമിൻ എന്നിവ ഉപയോഗിക്കുന്നു. കൂടാതെ മണ്ണ് ബലപ്പെടുത്തുന്നതിനും, ചരിവ് സംരക്ഷണത്തിനും കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നു. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റോഡിന്റെ നിർമ്മാണ രീതിയിൽ എന്തൊക്കെ മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത്; | (ബി) ഉപയോഗ ശൂന്യമായ പ്ലാസ്റ്റിക് റോഡ് നിർമ്മാണത്തിന് വ്യാപകമായി ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. റോഡുകൾ ഘട്ടംഘട്ടമായി കൂടുതൽ ഈടുനിൽക്കുന്ന ബി.എം.&ബി.സി. നിലവാരത്തിലേക്ക് ഉയർത്തി വരുന്നു. റോഡ് പ്രവൃത്തികളിൽ കയർ ഭൂവസ്ത്രം വ്യാപകമായി ഉപയോഗിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിലവിലുള്ള പ്രതലം വെട്ടിയെടുത്ത് പുനരുപയോഗിക്കുന്ന ഫുൾ ഡെപ്ത് ഡിക്ലമേഷൻ ടെക്നോളജി (milling) നടപ്പിലാക്കിയിട്ടുണ്ട്.<br>ദേശീയപാതാ വിഭാഗത്തിൽ അത്യാധുനിക സാങ്കതിക വിദ്യയായ മില്ലിംഗ് ആന്റ് റീസൈക്ലിംഗ് ഉപയോഗിച്ച് ആലപ്പുഴ ജില്ലയിൽ ദേശീയപാതയുടെ ഉപരിതലം പുതുക്കി നിർമ്മിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം സെൻട്രൽ റോഡ് ഫണ്ട് |

| | | | |
|---|---|---|---|
| | | | പദ്ധതിയിൽ അംഗീകാരം ലഭിച്ച പദ്ധതികൾക്ക് ഷ്രെഡഡ് പ്ലാസ്റ്റിക്ക് ചേർത്ത് കൊണ്ട് നിർമ്മാണം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ഈ പ്രവൃത്തികൾ പുരോഗമിച്ച് വരികയാണ്. കൂടാതെ ആലപ്പുഴ ജില്ലയിലെ ഒരു സി.ആർ.എഫ്. പദ്ധതിയിൽ കയർ ഭൂവസ്ത്രം ഉപയോഗിച്ചുള്ള റോഡ് പ്രവൃത്തിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ട്.<br>കൂടാതെ ദേശീയപാതാ വിഭാഗത്തിൽ വലിയ പദ്ധതികൾ എഞ്ചിനീയറിംഗ് (EPC)പ്രൊക്യുയർമെന്റ് ആന്റ് കൺസ്ട്രക്ഷൻ വ്യവസ്ഥയിൽ നടപ്പിലാക്കി വരുന്നുണ്ട്. ഇത്തരം പദ്ധതികളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി പ്രത്യേകം കൺസൾട്ടന്റ് എഞ്ചിനീയർമാരെ നിയമിക്കാറുമുണ്ട്. |
| (സി) | പി.ഡബ്ല്യൂ.ഡി റോഡ്സ് (എഞ്ചിനീയറിംഗ്) -ന്റെ നിലവിലെ നിർമ്മാണ രീതിയിലൂടെ റോഡ് അപകടങ്ങൾ കുറച്ച് കൊണ്ട് വരാൻ കഴിഞ്ഞിട്ടുണ്ടോ; | (സി) | റോഡ് അപകടങ്ങൾ കുറയ്ക്കുന്നതിന് വേണ്ടി റോഡ് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുമ്പോൾ ആവശ്യമായ റോഡ് സേഫ്റ്റി ഐറ്റങ്ങൾ ഉൾപ്പെടുത്തി വരുന്നു. ആവശ്യമായ സ്ഥലങ്ങളിൽ ക്രാഷ് ബാരിയർ, റംമ്പിൾ സ്ട്രിപ്പ്, സൈൻ ബോർഡ്, റോഡ് മാർക്കിംഗ് എന്നിവ സ്ഥാപിക്കുന്നു. |
| (ഡി) | നിലവിലെ നിർമ്മാണ രീതി പ്രകാരം വ്യത്യസ്ത റോഡുകൾക്ക് ബന്ധപ്പെട്ട കരാറുകാർ എത്രകാലമാണ് ഗ്യാരന്റി നൽകുന്നത്; വിശദവിവരം ലഭ്യമാക്കുമോ; | (ഡി) | 31.08.2013 ലെ സ.ഉ.(എം.എസ്)നം. 73/2013/പി.ഡബ്ല്യൂ.ഡി. പ്രകാരം ഗ്യാരന്റി പിരീഡ് നടപ്പിലാക്കുന്നുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ഇ) | പി.ഡബ്ല്യൂ.ഡി റോഡുകളുടെ കാലാവധി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) | ഡിസൈൻ പ്രകാരം നിർമ്മിക്കുന്ന റോഡുകളുടെ കാലാവധി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**GOVERNMENT OF KERALA**

**Abstract**

Public Works Department - Defects Liability period for all types of works - Orders issued

**PUBLIC WORKS (H) DEPARTMENT**

G.O.(MS) No. 73/2013/PWD Dated, Thiruvananthapuram 31/08/2013.

Read:- 1) G.O.(MS)No.69/13/PWD Dated,13.08.2013

2) Letter No.CE/Admn/PLA-14705/12 dated 27.08.13 from the Chief Engineer (Administration), Public Works Department, Thiruvananthapuram.

**ORDER**

As per Government Order read as 1st paper above Government have issued guidelines for ensuring minimum guarantee for construction of roads. Now Government are pleased to issue following further orders fixing Defects Liability period for different types of works undertaken by Public Works Department as follows:

| Sl. No. | Type of work | Defects Liability Period |
|---|---|---|
| 1 | Original works-Buildings and Bridges | 36 months |
| 2 | New road construction including sub base and base and BM &BC surfacing | 36 months |
| 3 | New road construction including sub base and base and surfacing with specification other than BM & BC | 24 months |
| 4 | Surface renewal with BM & BC | 24 months |
| 5 | Surface renewal with minimum 30 mm BC/SDBC or specifications of similar standards | 18 months |
| 6 | Surface renewal with 20 mm chipping carpet or specifications of similar standards | 12 months |
| 7 | Ordinary repairs and maintenance of Roads & Buildings | 6 months |
| 8 | Special repairs of roads & buildings | 18 months |
| 9 | Road markings using thermoplastic paint | 12 months |

| | | |
|---|---|---|
| 10 | Retro reflective sign boards & direction boards | 36 months |
| 11 | Temporary works- | Defects liability period will be fixed based on use period and will be specified in each case by the Agreement Authority. |

2) Orders will be issued separately specifying the guidelines for Performance Based Maintenance Contract.

3) Suitable modifications in this regard will be made in the PWD Manual.

By Order of the Governor,

T.O.SOORAJ
Secretary to Government

To

All Chief Engineers (R&B/NH/Admn/KSTP), PWD, Thiruvananthapuram
The Chief Executive Officer, Kerala Road Fund Board, TVPM
The Principal Accountant General (A&E), Kerala, TVPM
The Principal Accountant General (Audit), Thrissur
The Director of Information & Public Relations Dept
Finance Department
All Sections in Public Works Department
SF/OC

Forwarded/By Order,

Section Officer.

Copy to:
PS to Chief Minister
PS to Minister (Works)
PA to Secretary (PWD)
CA to Joint Secretary (PWD)

Section Officer